വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം

4 (4439) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ നിർമ്മാണം എന്നത്തേയ്ക്ക് ആരംഭിക്കും ;

(ബി) അതിന്റെ നിർമ്മാണത്തിന് മുന്നോടിയായി ആവശ്യമായ ഡ്രഡ്ജിംഗ്, റോഡ്, റെയിൽബന്ധം എന്നിവ ചെയ്യുന്നതിന് എന്തെല്ലാം നടപടിയെടുത്തു ;

(സി) ഈ ടെർമിനലിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വല്ലാർപ്പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ, കേന്ദ്ര ഗവൺമെന്റിന്റെ അധീനതയിലുള്ള കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഒരു സംരംഭമാണ്. 2003 ഒക്ടോബർ മാസത്തോടുകൂടി ലേലം സ്ഥിരപ്പെടുത്തി കരാറുകാരനെ നിശ്ചയിക്കാൻ കഴിയുമെന്നും കരാർ ഒപ്പിട്ടു കഴിഞ്ഞാൽ 36 മാസത്തിനകം പണി ആരംഭിക്കുമെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

(ബി) ഡ്രഡ്ജിംഗ്, റോഡ്, റെയിൽബന്ധം എന്നിവയുടെ നിർമ്മാണം കേന്ദ്ര സർക്കാരിന്റെ റോഡ്/ഹൈവേ മന്ത്രാലയം, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ, റയിൽവേ മന്ത്രാലയം, ദക്ഷിണറയിൽവേ എന്നിവയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നതും നാവിഗേഷൻ ചാനൽ വീതി കൂട്ടുന്നതും ആഴം വർദ്ധിപ്പിക്കുന്നതും ഷിപ്പിംഗ് മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ടെന്നും, കൊച്ചി തുറമുഖത്തിന്റെ വികസനത്തിനും നവീകരണത്തിനും ബഹു. കേന്ദ്ര ധനമന്ത്രി പ്രഖ്യാപിച്ച ധനസഹായം ലഭ്യമാക്കുന്നതിന് കൊച്ചി തുറമുഖ അധികാരികൾ ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രാരംഭമായി അഞ്ചു വർഷത്തേയ്ക്ക് ബി.ഒ.ടി. ഓപ്പറേറ്റർക്ക് കൈമാറാനാണ് പ്രോജക്ട് നിർദ്ദേശമെന്നും ഈ കാലയളവിൽ വല്ലാർപ്പാടം അന്താരാഷ്ട്ര കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന്റെ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കൊച്ചിൻ പോർട്ട് ട്രസ്റ്റ് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly